No/450/2022/SRG/LSGD(CC)(4)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ന നടന്ന യോഗത്തിന്റെ നടപടി വിവരം**

**4.11 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6.10.2022 ലെ** DB3/753/2013/CE/**തസ്വഭവ നമ്പർ കത്ത് (SRG 1054/22).**

**വിഷയം:-** വാഹനം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച്.

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനു നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഇതനുസരിച്ച് പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപ വരെ വാടകയിനിത്തിൽ ചെലവഴിക്കാം. ഈ നിരക്കു പ്രകാരം ശരാശരി ഒരു കിലോമിറ്ററിന് 18 രൂപയാണ്. ഇതു തെറ്റായി വ്യാഖ്യാനിച്ച് പല തദ്ദേശഭരണസ്ഥാപനങ്ങളും വാഹനം യഥാർത്ഥത്തിൽ ഓടുന്ന കിലോമീറ്ററിനു കണക്കു കൂട്ടി 18 രൂപ നിരക്കിൽ വാടക നിശ്ചയിക്കുന്നു. അതിനാൽ വാടകയ്ക്ക് വാഹനം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ **"**പ്രതിമാസം പരമാവധി 36000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മി. സഞ്ചരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് അംഗീകാരം നൽകാവുന്നതും 2000 കി.മീ. ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്ത തുക പ്രതിമാസം അനുവദിക്കാവുന്നതുമാണ്**"** എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രതിമാസം പരമാവധി 36,000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മി ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു. 2000 കി.മീ ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്ത തുക എത്രയാണോ അതു നൽകാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**